അഡീഷണൽ ഡയറക്ടർ ബോർഡിന്റെ മെമ്പർ സെക്രട്ടറിയാണ്. ബോർഡ് അംഗങ്ങളുടെ യാത്രാബത്ത ഇനത്തിൽ പ്രതിവർഷം പരമാവധി ഒരു ലക്ഷം രൂപാ ചെലവഴിക്കാൻ അനുമതിയും നൽകിയിട്ടുണ്ട്.

(ബി—ഡി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

വികലാംഗ പെൻഷൻ

55 [2182] ശ്രീ. യു. സി. രാമൻ:
„ സി. മോയിൻകുട്ടി:
„ കളത്തിൽ അബ്ദുള്ള:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വികലാംഗരുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) വികലാംഗർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ നൽകുന്നത്;

(സി) വികലാംഗ പെൻഷൻ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എത്ര രൂപയായി വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ഈ ആനുകൂല്യം എന്ന് മുതൽ നൽകാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1,48,553 വികലാംഗർക്കാണ് സർക്കാർ പെൻഷൻ നൽകി വരുന്നത്.

(ബി) വികലാംഗ പെൻഷൻ, വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം എന്നിവ നൽകുന്നുണ്ട്.

(സി—ഇ) പ്രതിമാസം 110 രൂപ നിരക്കിൽ ഇപ്പോൾ വികലാംഗ പെൻഷൻ നൽകുന്നുണ്ട്. ഇത് 150 രൂപയായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

വികലാംഗരെ സ്ഥിരപ്പെടുത്താൻ ഉത്തരവ്

56 [2183] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ വന്നതിനുശേഷം പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏതു കാലയളവിൽ ജോലി ചെയ്തവരെയാണ് സ്ഥിരപ്പെടുത്തിയത്; അവരുടെ ഡ്യൂട്ടി ദിവസങ്ങൾ പരിഗണിക്കാതെ മുഴുവൻ പേർക്കും ഉത്തരവിന്റെ ആനുകൂല്യം കിട്ടത്തക്കവണ്ണം ഉത്തരവിൽ മാറ്റം വരുത്താൻ നടപടിയെടുക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly